"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ശിവാനന്ദൻ നായർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.19/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 04/01/2019**

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 05.09.2013-ലെ ഇ12-എസ്.സി.4/2013/കെകെടി/4180/2013നമ്പർ റിപ്പോർട്ട്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 30.10.2013-ലെ 11515/ഡി1/2013/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 21.02.2014-ലെ 5986/ഇപിബി3/2014/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീ. ശിവാനന്ദൻ നായർ സമർപ്പിച്ച 31.05.2014-ലെ പ്രതിവാദ പത്രിക

5 പഞ്ചായത്ത് ഡയറക്ടറുടെ 18.06.2014-ലെ ഡി1-10475/2014 നമ്പർ കത്ത്

6 പഞ്ചായത്ത് ഡയറക്ടറുടെ 25.09.2015-ലെ ഡി1-10475/2014 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിലെ ഹൗസിംഗ് സ്കീം സംബന്ധിച്ച് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ത്വരിത പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. വിജിലൻസ് പരിശോധനയിൽ ഐ.എ.വൈ. സ്കീമിൽ ശ്രീമതി. ആയിഷക്കുട്ടി ചാലക്കുന്നുമ്മൽ എന്നയാളെ 19.10.2010-ലെ ഗുണഭോക്തൃ ലിസ്റ്റിനെ മറികടന്ന് 2011-2012-ലെ ഗുണഭോക്താവായി തിരഞ്ഞെടുത്തത് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നിലവിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്നു കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ക്രമക്കേടിന് അന്നത്തെ കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ശിവദാസൻ നായരാണ് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ എന്ന് റിപ്പോർട്ട് ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ശിവദാസൻ നായർക്കെതിരെ പരാമർശം (3) പ്രകാരം കുറ്റപത്രം നൽകുകയും ചെയ്തു. എന്നാൽ കുറ്റപത്രത്തിൽ ശ്രീ. ശിവദാസൻ നായർ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നും, എന്നാൽ പ്രസ്തുത കാലയളവിൽ ശ്രീ. ശിവാനന്ദൻ നായർ ആണ് കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്നതെന്നും ആയതിനാൽ ശ്രീ. ശിവാനന്ദൻ നായർ കുറ്റപത്രം കൈപ്പറ്റുകയുണ്ടായിയെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കുറ്റപത്രത്തിന് ശ്രീ. ശിവാനന്ദൻ നായർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (6) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീ. ശിവാനന്ദൻ നായർ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി ജോലി ചെയ്തത് 05.05.2010 മുതൽ 13.09.2011 വരെയുള്ള കാലയളവിലാണ് എന്ന പ്രതിവാദ പത്രികയിലെ പരാമർശം വസ്തുതയാണെന്നും 19.12.2010-ന് ചേർന്ന കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് സഭയിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് അജണ്ടയായി പഞ്ചായത്ത് ഭരണസമിതി നിശ്ചയിച്ചിട്ടില്ലായെന്നും എന്നാൽ 2011-12 വർ ഷത്തിലെ "വാർഷിക പദ്ധതിക്ക് വേണ്ടി ഗ്രാമസഭ വിളിച്ചു ചേർക്കൽ" എന്ന അജണ്ടയാണ് നിശ്ചയിച്ചിട്ടുള്ളതെന്നും ആയതിനാൽ മുൻ സെക്രട്ടറി ശ്രീ. ശിവാനന്ദൻ നായർ സമർപ്പിച്ച പ്രതിവാദപത്രികയിലെ ബന്ധപ്പെട്ട വിവരങ്ങൾ ശരിയാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 24.07.2011-ന് ചേർന്ന ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ ഭവനനിർമ്മാണം (ജനറൽ) വിഭാഗത്തിൽ ശ്രീമതി. ആയിഷക്കുട്ടി ചാലക്കുന്നുമ്മൽ എന്നവർ ഒന്നാം നമ്പറായി ഉൾപ്പെട്ടിട്ടുണ്ടെന്നും, 02.07.2011-ലെ 179/2011(8) നമ്പർ പഞ്ചായത്ത് തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ഗുണഭോക്തൃ ലിസ്റ്റാണ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുള്ളതെന്നും ഈ ലിസ്റ്റിൽ ശ്രീമതി. ആയിഷക്കുട്ടി ചാലക്കുന്നുമ്മൽ എന്നവർ ഐ.എ.വൈ. ഭവനനിർമ്മാണ വെയിറ്റിംഗ് ലിസ്റ്റിൽ രണ്ടാം നമ്പറായിട്ടാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും, 24.07.2011-ന് ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്താക്കളെ പഞ്ചായത്ത് ഭരണസമിതിയുടെ 06.12.2011-ലെ 289/11 നമ്പർ തീരുമാനപ്രകാരമാണ് അംഗീകരിച്ചത് എന്നും ഇക്കാര്യങ്ങൾ മുൻ സെക്രട്ടറി തന്റെ പ്രതിവാദപത്രികയിൽ സൂചിപ്പിച്ചത് പരിഗണിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ശ്രീ. ശിവാനന്ദൻ സമർപ്പിച്ച പ്രതിവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് എന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ സെക്രട്ടറിയായിരുന്ന ശ്രീ. ശിവാനന്ദൻ നായരുടെ മറുപടി അംഗീകരിക്കാവുന്നതുമാണ്. ഈ സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ശിവാനന്ദൻ നായർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹൻദാസ്**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. ശിവാനന്ദൻ നായർ മുൻ സെക്രട്ടറി, കട്ടിപ്പാറ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിജിലൻസ് വകുപ്പ് (യു.ഒ റിമാർക്സ് നം.വിജി-ഡി1/1042/2018-വിജി.

തീയതി 14.11.2018 പ്രകാരം)

8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/238/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ